"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- പുനർഗേഹം പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിക്കുന്ന ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം ഫ്ലാറ്റിലെ ഗുണഭോക്താവായി ശ്രീമതി മിശ്രിയയെ പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.342/2025/F&P തീയതി,തിരുവനന്തപുരം, 23-05-2025

---

പരാമർശം:- 1. ഫിഷറീസ് ഡയറക്ടറുടെ 22/04/2025-ലെ ഡി.എഫ്.ടി.വി.എം/938/2025-എസ്1പി.ഐ.യു നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമതി മിശ്രിയ, കൊല്ലപ്പള്ളി കിഴക്കതിൽ, തോട്ടപ്പള്ളി എന്നയാൾ പുറക്കാട് പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽ ഭൂരഹിത ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവാണെന്നും ,എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ടിയാൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുവാൻ സാധിച്ചിട്ടില്ലെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ, ക്യാൻസർ രോഗം ബാധിച്ച് ടിയാളുടെ ഭർത്താവ് മരണപ്പെട്ടിരുന്നതായും വിവാഹിതരായ രണ്ട് പെൺമക്കൾ ആണുള്ളതെന്നും ഇതിൽ ഒരു മകൾക്കൊപ്പം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ വാടകയ്ക്ക് താമസിക്കുകയാണെന്നും ടിയാൾക്കൊപ്പമുള്ള ചെറുമകൾ കിഡ്നി പേഷ്യന്റ് ആണെന്നും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബമാണ് ടിയാളുടേതെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) ശ്രീമതി മിശ്രിയ, മണ്ണുംപുറം ഫ്ലാറ്റിലേക്ക് പരിഗണിക്കുന്നതിന് മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ അപേക്ഷ സമർപ്പിച്ചിരുന്നതായും തീരപ്രദേശത്ത് അൻപത് മീറ്റർ പരിധിയിൽ അധിവസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണ് പുനർഗേഹം പദ്ധതി പ്രകാരം നിലവിൽ മണ്ണുംപുറത്ത് ഫ്ലാറ്റ് നിർമ്മിക്കുന്നതെന്നും ആകയാൽ നിലവിലെ പദ്ധതി മാർഗ്ഗരേഖ പ്രകാരം ടിയാളെ മണ്ണുംപുറം ഫ്ലാറ്റിലേക്കായി പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന വിവരം ഉൾപ്പെടുത്തി ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും ആയതിന്റെ പകർപ്പ് അപേക്ഷകയ്ക്ക് നൽകുകയും ചെയ്തിട്ടുള്ളതായി ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, അപേക്ഷക വീണ്ടും CMO പോർട്ടലിൽ അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് മാർഗ്ഗനിർദ്ദേശാനുസരണം തുടർനടപടി സ്വീകരിക്കാൻ CMO പോർട്ടലിൽ ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുള്ളതായും ഫിഷറീസ് ഡയറക്ടർ അറിയിച്ചിരിന്നു. പദ്ധതി മാർഗ്ഗരേഖ പ്രകാരം ശ്രീമതി മിശ്രിയ എന്നയാളെ മണ്ണുംപുറം ഫ്ലാറ്റിലേക്ക് പരിഗണിക്കുന്നതിന് കഴിയുകയില്ല എന്നും അപേക്ഷകയുടെ നിലവിലെ സാഹചര്യം പരിഗണിച്ച് സർക്കാർ

തലത്തിൽ തീരുമാനം കൈക്കൊള്ളണമെന്നും ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, ആയതിനാൽ അപേക്ഷകയുടെ നിലവിലെ സാഹചര്യം പരിഗണിച്ച് സർക്കാർതലത്തിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം ഉണ്ടാകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനർഗേഹം പദ്ധതി മാർഗ്ഗരേഖ പ്രകാരം ശ്രീമതി .മിശ്രിയയെ മണ്ണുംപുറം ഫ്ളാറ്റിലെ ഗുണഭോക്താവായി പരിഗണിക്കുവാൻ കഴിയുകയില്ല എങ്കിലും അപേക്ഷകയുടെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് ടി വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് പുനർഗേഹം പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിക്കുന്ന ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം ഫ്ലാറ്റിലെ ഗുണഭോക്താവായി ശ്രീമതി .മിശ്രിയയെ പരിഗണിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEKALA T P**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 23-05-2025 12:46:34